E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

ജി (1) 25590/13

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 12.07.2013

# സർക്കുലർ നമ്പർ 45/13

വിഷയം: സഹകരണവകുപ്പ് - സഹകരണ സംഘങ്ങളുടെ ഭരണസമിതി പിരിച്ചുവിടുന്നത് - ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച പൊതു നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന: ബഹു. സുപ്രീംകോടതി സി.എ. നമ്പർ 2013 ലെ 4691 & 4692 കേസുകളിൽ 16.05.2013 ന് പുറപ്പെടുവിച്ച വിധിന്യായം.

........................

സഹകരണ സംഘങ്ങളുടെ ഭരണസമിതി പിരിച്ചു വിടുന്നതുമായി ബന്ധപ്പെട്ട് സൂചന പ്രകാരം ബഹു. സുപ്രീംകോടതി ചുവടെ ചേർക്കുന്ന പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുകയാണ്.

1) തിരഞ്ഞെടുക്കപ്പെട്ട ഒരു സംഘം ഭരണസമിതിയെ സാധാരണ ഗതിയിൽ അതിന്റെ കാലാവധി പൂർത്തിയാക്കാൻ അനുവദിക്കേണ്ടതും, ഭരണസമിതിയെ പിരിച്ചുവിടുന്ന നടപടി അത്യപൂർവ്വമായതും ആയത് അങ്ങനെയുള്ള സാഹചര്യത്തിൽ മാത്രം സ്വീകരിക്കേണ്ടതുമാണ്.
2) ഒരു സഹകരണ സംഘത്തിന്റെ മുൻ ഭരണസമിതിയുടെ പോരായ്മകളോ നിയമവിരുദ്ധ പ്രവർത്തനങ്ങളോ പരിഹരിക്കുന്നതിൽ പുതിയ ഭരണസമിതി ബോധപൂർവ്വമായി നടപടി സ്വീകരിക്കാതിരിക്കുമ്പോഴല്ലാതെ ടി കുറ്റങ്ങൾക്ക് നിലവിലുള്ള ഭരണസമിതിയെ ശിക്ഷിക്കാനോ പിഴ ചുമത്താനോ പാടില്ല.
3) സംഘത്തിന്റെ മുൻ ഭരണസമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള വീഴ്ചകൾ പരിഹരിക്കുന്നതിന്, തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതിക്ക് ആവശ്യമായ സമയം, കുറഞ്ഞത് 6 മാസമെങ്കിലും നൽകിയിരിക്കണം.
4) ധനസഹായ ബാങ്കിന്റെ അഭിപ്രായം ആരായുന്നതുൾപ്പെടെയുള്ള എല്ലാ നിയമപരമായ കാര്യങ്ങളും പാലിച്ചിട്ടുണ്ടെന്ന് രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ ബോദ്ധ്യപ്പെടുന്നതിന് നിയമപരമായി കടമപ്പെട്ടിരിക്കുകയാണ്. അപ്രകാരം അഭിപ്രായം ലഭിച്ചതിനുശേഷം മാത്രമേ ഒരു തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയെ പുറത്താക്കണമോ വേണ്ടയോ എന്നതു സംബന്ധിച്ച് ഒരു തീരുമാനം രൂപപ്പെടുത്താൻ പാടുള്ളൂ.
5) ഒരു സംഘം ഭരണ സമിതിയെ പിരിച്ചു വിട്ടുകൊണ്ടുള്ള ഉത്തരവിലൂടെ ടി സംഘം ഭരണ സമിതിയെ പുറത്താക്കുക മാത്രമല്ല ടി ഭരണ സമിതി അംഗങ്ങളെ തുടർന്നുള്ള തിരഞ്ഞെടുപ്പുകളിൽ മത്സരിപ്പിക്കുന്നതിൽ നിന്നും അയോഗ്യരാക്കുകയാണെന്ന ബോധ്യം കൂടി രജിസ്ട്രാറുടെ / ജോയിന്റ് രജിസ്ട്രാറുടെ മനസ്സിൽ തീർച്ചയായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ ടി ഉദ്യോഗസ്ഥർ താങ്കൾക്ക് ലഭിച്ചിട്ടുള്ള അധികാരങ്ങൾ ഉത്തമ വിശ്വാസത്തോടെ നിർവ്വഹിക്കുവാൻ കർത്തവ്യ നിരതരായിരിക്കേണ്ടതും അത് അധികാര സ്ഥാനങ്ങളിൽ ഉള്ളവരുടെ നിർദ്ദേശങ്ങളും ആജ്ഞകളും അനുസരിച്ച് ആകാൻ പാടില്ലാത്തതുമാണ്.

6) ഉദ്യോഗസ്ഥർ രാഷ്ട്രീയ സമ്മർദ്ദത്തിനോ സ്വാധീനത്തിനോ വിധേയരായി പ്രവർത്തിക്കാൻ പാടില്ലാത്തതും, അവർ അപ്രകാരം പ്രവർത്തിക്കുകയാണെങ്കിൽ അച്ചടക്ക നടപടിക്ക് വിധേയരാക്കേണ്ടതും അത്തരം നടപടികൾ തെളിഞ്ഞാൽ അപ്രകാരം നിയമ നടപടികൾക്ക് ചെലവാകുന്ന തുക വ്യക്തിപരമായി അവരിൽ നിന്ന് ഈടാക്കാൻ കഴിയുന്നതുമാണ്.
7) പൊതുപണം സംസ്ഥാന സർക്കാരിനോ രജിസ്ട്രാർക്കോ ഒരു സംഘത്തിലെ വിവിധ വിഭാഗക്കാർ തമ്മിലുള്ള അനാവശ്യമായ വ്യവഹാരങ്ങൾക്ക് ഉപയോഗി ക്കാൻ പാടുള്ളതല്ല. നികുതിദായകന്റെ പണം അത്തരത്തിലുള്ള തർക്കങ്ങൾ പരി ഹരിക്കാനുള്ളതല്ലാത്തതും, വ്യവഹാരങ്ങൾക്ക് സംഘത്തിന്റെ താല്പര്യ സംരക്ഷ ണാർത്ഥം അതാതു സംഘങ്ങളുടെ ഫണ്ടിൽ നിന്നും ആവശ്യമാണെങ്കിൽ ചില വഴിക്കാവുന്നതുമാണ്.

ബഹു സുപ്രീംകോടതിയുടെ മേൽ പരാമർശിച്ച നിർദ്ദേശങ്ങൾ അവയുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് കർശനമായി പലിക്കുന്നതിന് എല്ലാ സഹകരണ വകുപ്പ് ഉദ്യോഗസ്ഥരും ബാദ്ധ്യസ്ഥരാണെന്നും, ആയതിൽ എന്തെങ്കിലും വീഴ്ചയുണ്ടാകുന്നപക്ഷം കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓർമ്മിപ്പിക്കുന്നു.

(ഒപ്പ്)
കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ